# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം അഞ്ചാം ഞായർ

### ധനവാനും ലാസറും

### ലൂക്കാ 16,19-31

ലൂക്കയുടെ സുവിശേഷത്തിൽ സമ്പത്തിനെ കുറിച്ചുള്ള രണ്ടാമത്തെ ഉപമയാണിത്. ഭൈഷനായ ധനികന്റെ ഉപമയുടെ രണ്ടാം ഭാഗമാണ് ഈ ഉപമയെന്നും പറയാം. കാരണം, "ദൈവസന്നിധിയിൽ സമ്പത്തു ശേഖരിച്ചു വയ്ക്കാതെ തനിക്കുവേണ്ടി തന്നെ സമ്പത്ത് ശേഖരിച്ചുവച്ച" (ലൂക്ക 12,21) വനാണ് ഭോഷനായ ധനികനെങ്കിൽ ആ ധനികന്റെ അനിയനാണ് ഒന്നും ആർക്കും കൊടുക്കാതെ എല്ലാം സ്വന്തമായി അനുഭവിക്കുന്ന ഈ ധനവാൻ.

ലാസർ = എലെയാസർ

എലെയാസർ = ദൈവം സഹായിച്ചു

അതായത്,

'ലാസർ = ദൈവം സഹായിച്ചു'

ധാർമ്മികമായി ഈ ധനവാൻ ഒരു തെറ്റും ചെയ്തിട്ടില്ല (He is not moraly wrong). ദരിദ്രനായ ലാസർ ധാർമ്മികമായും ഒരു നന്മയും ചെയ്തിട്ടില്ല (Lazar is not morally right). ധനവാന്റെ ജീവിതത്തിലെ വീഴ്ച്ച എന്താണെന്ന് ധനികനായ അധികാരിയോട് ഈശോ പറയുന്നുണ്ട്. നിത്യജീവൻ അവകാശമാക്കാൻ നിയമങ്ങളെല്ലാം അനുസരിച്ചാൽ പോര. മറിച്ച്, പങ്കുവയ്ക്കുകയും വേണം. ഈശോ പറയുന്നു, "നിനക്ക് ഒരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക" (18,22).

സമ്പത്തിന്റെ വിനിയോഗമാണ് സുവിശേഷത്തിലെ പ്രമേയം. ദൈവം ദാനമായി നൽകുന്നതാണ് സമ്പത്ത്. "ദാനമായി കിട്ടിയതല്ലാതെ നിനക്ക് സ്വന്തമായെന്താണുള്ളത്" എന്ന പൗലോസ്ശ്ലീഹായുടെ ചോദ്യം നാം ഒരിക്കലും മറക്കരുത്. എങ്കിൽ ദാനമായി കിട്ടിയത് ദൈവത്തിനും ദൈവജനത്തിനുമായി പങ്കുവയ്ക്കണം എന്നാണ് ഈശോ വ്യക്തമാക്കുന്നത്.

**മൂന്നു ചിന്തകൾ:**

1. ഇരുപത്തിയഞ്ചാം വാക്യത്തിൽ ഈശോ പറയുന്നു, "മകനെ നീ ഓർമ്മിക്കുക." എന്താണ് ഓർമ്മിക്കേണ്ടത്? എനിക്കുള്ളതെല്ലാം ദൈവദാനമാണെന്നും, എന്റെ ആവശ്യത്തിൽ കവിഞ്ഞുള്ളതെല്ലാം മറ്റുള്ളവർക്കുള്ളതാണെന്നുമുള്ള സ്മരണ. ധനവാന് നഷ്ടമായത് ഈ സ്മരണയാണ്. ഓർക്കേണ്ടത് മറന്നതാണ് ധനവാൻ ചെയ്ത തെറ്റ്. ഓർമ്മ നഷ്ടമാകുമ്പോൾ സ്വർത്ഥത സ്വന്തമാകും. ഇന്ന് സമൂഹത്തിൽ കാണുന്ന ഏറ്റവും വലിയ തെറ്റ് ഓർമ്മയുടെ നഷ്ടപെടലാണ്. എന്നെ കഷ്ടപ്പെട്ടുവളർത്തി

യത് എന്റെ മാതാപിതാക്കളാണെന്ന ഓർമ്മ, ഒരുമിച്ച് കളിച്ചുവളർന്നവര വരാണ് എന്റെ സഹോദരങ്ങൾ എന്ന ഓർമ്മ, കൊണ്ടും കൊടുത്തും വളർന്നവരാണ് എന്റെ അയൽവാസികളും നാട്ടുക്കാരും എന്ന ഓർമ്മ, അനേകരുടെ ഔദാര്യം കൊണ്ട് പഠിച്ച് വളർന്നതാണ് ഞാൻ എന്ന ഓർമ്മ, ഇങ്ങനെ എത്ര ഓർമ്മകളാണ് എനിക്കുണ്ടാകേണ്ടതും എന്നെ നയിക്കേണ്ടതും. സ്വാർത്ഥത വർദ്ധിക്കുമ്പോൾ ഓർമ്മകളിൽ മറവിയുടെ ചാരം വീഴും. ഓർമ്മകൾ നഷ്ടപ്പെട്ടാൽ ജീവിതം അർത്ഥ ശ്യൂനമാകും, അൽഷൈമേഴ്സ് ബാധിച്ച വ്യക്തിയെപോലെ. മരണം വരെ നിലനിൽക്കേണ്ടതാണല്ലോ ഓർമ്മകൾ. ഓർമ്മകളുടെ നഷ്ടം ജീവിതങ്ങളുടെ നഷ്ടമാണ്. ധനവാന് നഷ്ടമായത് ജീവിതമാണ് – നിത്യമായ ജീവിതം!

**2.** ഇരുപത്തിമൂന്നാം വചനം പറയുന്നു, "അവൻ നരകത്തിൽ പീഢിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി; ദൂരെ അബ്രാഹത്തെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു. നോട്ടവും കാഴ്ച്ചയും. ധനവാൻ ഭൂമിയിൽ പട്ടും മൃദുലവസ്ത്രങ്ങളും ധരിച്ച് സുഭിക്ഷമായി ഭക്ഷിച്ച് നോട്ടവും കാഴ്ച്ചയും നഷ്ടമാക്കി. ആരേയും നോക്കിയില്ല; കണ്ടില്ല. സുഖസമൃദ്ധിയിൽ മനുഷ്യന് പലപ്പോഴും നഷ്ടമാകുന്നത് നോട്ടവും കാഴ്ച്ചയുമാണ്. മറ്റുളളവരെ നോക്കാനും ചുറ്റുമുളള യാഥ്യാർത്ഥ്യങ്ങൾ കാണാനും സാധിക്കാതെ പോകുന്നു. "ദർശിക്കുന്നവനെ സ്പർശിക്കാനാകു" എന്നു കേട്ടിട്ടില്ലേ. കാണുന്നവനെ അവരുടെ മനസിനെ തൊടാനാകു. ദരിദ്രർ എല്ലായിപ്പോഴും എല്ലാം കാണുന്നു. കാഴ്ച്ചയും നോട്ടവും മാത്രം സ്വന്തമായുളളവർ, ബാക്കി പലതും സ്വന്തമായില്ലാത്തവർ. ധവനാൻ നോട്ടവും കാഴ്ച്ചയും നഷ്ടപെട്ടവൻ, ബാക്കിയെല്ലാം സ്വന്തമായിട്ടുളളവൻ... വേദനയും കഷ്ടപാടും അനുഭവിക്കുമ്പോഴാണ് നോട്ടവും കാഴ്ച്ചയും ഉണ്ടാകുക. ധനികനെപോലെ പീഢകളിൽ മാത്രം നോട്ടവും കാഴ്ച്ചയുമുളളവരാകാതെ എപ്പോഴും നമ്മുടെ ചുറ്റുപാടു കാണാൻ നമുക്കാകണം. മറ്റുളളവരുടെ വേദനകൾ കാണാൻ, നല്ല സമരിയക്കാരനെപ്പോലെ മനസ്സലിയാൻ നമുക്കാകണം. ഈ കാഴ്ച്ചയും മനസ്സലിവുമാണല്ലോ കാരുണ്യപ്രവർത്തികൾ. നമുക്ക് കാണാനും നോക്കാനും കഴിയട്ടെ...

*യുഗാന്ത്യവിരുന്നിൽ പിതാവായ അബ്രാഹത്തിന്റെ മടിയിലിരിക്കാൻ ഉളള സൂത്രവാക്ക്യം, "കണ്ണിൽ കാണുന്ന നന്മകൾ കാരുണ്യത്തോടെ, സ്നേഹത്തോടെ ചെയ്യുക."*

**3.** ദരിദ്രരെ അവഗണിച്ചു എന്നതാണ് ധനികൻ ചെയ്ത തെറ്റ്. മറ്റുളളവരുമായി പങ്കുവയ്ക്കാനാണ് സമ്പത്ത്. ഒറ്റക്കനുഭവിക്കാനനല്ല, ധനികരും ദരിദ്രരും തമ്മൽ പാലം പണിയാനാണ് മനുഷ്യന് സമ്പത്ത് നൽകുന്നത്. സാധാരണ സമ്പത്ത് വർദ്ധിക്കുമ്പോൾ ആർത്തിയും പിശക്കും കൂടും. അതിനെയാണ് ഈശോ ചോദ്യം ചെയ്യുന്നത്. കിട്ടിയ സമ്പത്ത് വർദ്ധിപ്പിക്കേണ്ടത് എന്റെ ഉത്തരവാദിത്തമാണ്. എന്നാൽ വർദ്ധിച്ച സമ്പത്തെല്ലാം ഒറ്റക്കനുഭവിക്കാതെ മറ്റുളളവർക്കായ് പങ്കുവയ്ച്ച് ജീവിക്കണം.

പങ്കുവച്ച് ജീവിക്കുന്നവർക്കാണ് മറ്റുള്ളവരെ കാണാനാവുക. പങ്കുവയ്ക്കലിന്റെ ജീവിത ശാസ്ത്രമാണ് നാം ഇന്ന് പഠിക്കേണ്ടത്. "പാവങ്ങൾ" എന്ന നോവലിൽ വിക്ടർ ഹ്യൂഗോ ഇപ്രകാരം എഴുതിവയ്ക്കുന്നുണ്ട്, "ജീവിതം വാങ്ങാനുള്ളതല്ല, മറിച്ച്, കൊടുക്കാനുള്ളതാണ്." കൊടുക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യം. സമ്പത്ത് മറ്റുള്ളവരുമായി പങ്കുവച്ച് സ്വർഗ്ഗരാജ്യം നേടാൻ നമുക്ക് സാധിക്കട്ടെ...

റവ. ഫാ. ഡോ. വർഗ്ഗീസ് പെരേപ്പാടൻ

'വിഡ്ഢി
സമ്പത്തിനെ കുറിച്ച്
സ്വപ്നം കാണുന്നു.
വിജ്ഞാനി
സന്തോഷത്തെ കുറിച്ചും."

പഴമൊഴി